പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. T. 6429

31.10.2011 ൽ മറുപടിക്ക്

## കയർ, കശുവണ്ടി, കൈത്തറി മേഖലയുടെ വികസനം

ചോദ്യം

ശ്രീ. ആർ. രാജേഷ്

ഉത്തരം

ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)

(എ) കയർ, കശുവണ്ടി, കൈത്തറി മേഖലയുടെ വികസനത്തിനായി ഈ സർക്കാർ എന്ത് തുക വകയിരുത്തിയിട്ടുണ്ട്;

(എ) 2011-12 വർഷം കേന്ദ്രവിഹിതമായ 300 ലക്ഷം രൂപ ഉൾപ്പെടെ 8505 ലക്ഷം രൂപ ബഡ്ജറ്റിൽ കയർ മേഖലയ്ക്കായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ കയർ ഗ്രാമം രൂപീകരണവുമായി ബന്ധപ്പെട്ട് 50 ലക്ഷം രൂപ കൂടി ഉൾക്കൊള്ളിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു.

2011-12 സാമ്പത്തിക വർഷം കശുവണ്ടി മേഖലയ്ക്കായി 52 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കൈത്തറി മേഖലയുടെ വികസനത്തിനായി ഈ സർക്കാർ 43.78 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) മുൻസർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ പ്രസ്തുത മേഖലകൾക്ക് എന്ത് തുക വകയിരുത്തിയിരുന്നു ?

(ബി) മുൻ സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിലും 2011-12 വർഷം കേന്ദ്രവിഹിതമായ 300 ലക്ഷം രൂപ ഉൾപ്പെടെ 8505 ലക്ഷം രൂപയാണ് കയർ മേഖലയ്ക്കായി വകയിരുത്തിയിരുന്നത്.

കശുവണ്ടി മേഖലയ്ക്ക് 2011-12 സാമ്പത്തിക വർഷത്തേയ്ക്ക് കഴിഞ്ഞ സർക്കാർ അവതരിപ്പിച്ച് ബഡ്ജറ്റിലും 52 കോടി രൂപയാണ് വകയിരുത്തിയിരുന്നത്.

മുൻ സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ കൈത്തറി മേഖലയ്ക്കായി 42.78 കോടി രൂപ വകയിരുത്തിയിരുന്നു.

സെക്ഷൻ ഓഫീസർ